**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1424** **12-02-2025 - ൽ മറുപടിയ്ക്ക്**

**എച്ച്.എസ്.എസ്.ടി. (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയുടെ യോഗ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കൻഡറി സ്‌കൂൾ ടീച്ചർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ പബ്ലിക് സർവ്വീസ് കമ്മിഷൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതു വർഷമാണ് പ്രസ്തുത ആവശ്യം ഉന്നയിച്ചതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയുടെ യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ 24/10/2014 ലെ AII(1)3403/2014/GW, 09/11/2022, 06/01/2024, 04/11/2024 എന്നീ തീയതികളിലെ A2-1/50005/2018-KPSC നമ്പർ കത്തുകൾ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റൂൾ ഭേദഗതി ചെയ്ത ഗസറ്റ് വിജ്ഞാപനത്തിലെ വിശദീകരണ കുറിപ്പിൽ കേരളത്തിന് പുറത്തുനിന്നുള്ള സർവകലാശാലകളിൽ നിന്നും ടി വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്തതിനാലാണ് യോഗ്യത ഭേദഗതി ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. കേരളത്തിലെ ഹയർ സെക്കന്ററി അധ്യാപക നിയമന യോഗ്യതകൾ പ്രതിപാദിക്കുന്ന The Kerala Higher Secondary Education State & Subordinate Service Rules, 2001 പ്രകാരം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദമോ, അല്ലെങ്കിൽ കേരളത്തിലെ തന്നെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടെങ്കിൽ മാത്രമേ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ കഴിയുകയുള്ളൂ എന്നതായിരുന്നു 2024 ലെ ഭേദഗതിയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ചട്ടം. എന്നാൽ കേരളം ഉൾപ്പെടെ രാജ്യത്തെ ഒരു അംഗീകൃത സർവ്വകലാശാലയും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തുന്നില്ല എന്ന് എസ്.സി.ഇ.ആർ.ടി അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിലേയ്ക്ക് നിയമനത്തിന് ഏറ്റവും ഉചിതമായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്ന തരത്തിലാണ് 2024 ൽ സ്പെഷ്യൽ റൂൾ ഭേദഗതി നടത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | യു.ജി.സി. അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള ബിരുദങ്ങൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ലെന്ന് 2018 ൽ പി.എസ്.സി സർക്കുലർ പുറപ്പെടുവിക്കുകയും ഇത്തരം ബിരുദങ്ങൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യപ്പെടരുതെന്ന യു.ജി.സി. മാർഗ നിർദ്ദേശം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി തസ്തികയുടെ യോഗ്യത പൊതുവിദ്യാഭ്യാസ വകുപ്പ് ഭേദഗതി ചെയ്തതിനുള്ള കാരണം വിശദമാക്കുമോ; | (സി) | 2024 -ലെ ഭേദഗതിയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ തന്നെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടെങ്കിൽ മാത്രമേ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിൽ നിയമനം നടത്താൻ കഴിയുമായിരുന്നുള്ളൂ. കേരളത്തിലെ സർവ്വകലാശാലകളൊന്നും തന്നെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നൽകുന്നില്ല. ആയതിനാൽ മറ്റ യൂണിവേഴ്സിറ്റികൾ നൽകുന്ന ബിരുദാനന്തര ബിരുദത്തിന് തുല്യത നൽകാനും സാധിച്ചിരുന്നില്ല. രാജ്യത്തെ ഏതെങ്കിലും സർവ്വകലാശാലകൾ എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ് അല്ലാതെ മറ്റ് പേരുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നുണ്ട് എങ്കിൽ, ഇത്തരം കോഴ്സുകൾ കേരളത്തിൽ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കണമെങ്കിൽ ടി കോഴ്സുകൾക്ക് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. വിവിധ സർവ്വകലാശാലകൾ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത് വ്യത്യസ്ത പേരുകളിലും വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുത്തിയുമായതിനാൽ ആയവ അധ്യാപക യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് തുല്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിലാണ് ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനായി ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്തത്. |
| (ഡി) | ഗസറ്റ് വിജ്ഞാപനത്തിൽ ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതിനായി സൂചിപ്പിച്ചിട്ടുള്ള കാരണം യു.ജി.സി. മാർഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 2024 -ലെ ഭേദഗതിയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ചട്ടപ്രകാരം കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ 50% മാർക്കോടെ ബിരുദാനന്തര ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ തന്നെ സർവ്വകലാശാലകൾ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടെങ്കിൽ മാത്രമേ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് അധ്യാപക തസ്തികയിൽ നിയമനം നടത്താൻ കഴിയുമായിരുന്നുള്ളൂ. കേരളത്തിലെ സർവ്വകലാശാലകളൊന്നും തന്നെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നൽകുന്നില്ല. ആയതിനാൽ മറ്റ യൂണിവേഴ്സിറ്റികൾ നൽകുന്ന ബിരുദാനന്തര ബിരുദത്തിന് തുല്യത നൽകാനും |

| | | | |
|---|---|---|---|
| | | | സാധിച്ചിരുന്നില്ല. രാജ്യത്തെ ഏതെങ്കിലും സർവ്വകലാശാലകൾ എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്ന കോഴ്സ് അല്ലാതെ മറ്റ് പേരുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നുണ്ട് എങ്കിൽ, ഇത്തരം കോഴ്സുകൾ കേരളത്തിൽ HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയ്ക്ക് യോഗ്യതയായി പരിഗണിക്കണമെങ്കിൽ ടി കോഴ്സുകൾക്ക് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് ആവശ്യമായിരുന്നു. വിവിധ സർവ്വകലാശാലകൾ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്നത് വ്യത്യസ്ത പേരുകളിലും വ്യത്യസ്ത വിഷയങ്ങൾ ഉൾപ്പെടുത്തിയുമായതിനാൽ ആയവ അധ്യാപക യോഗ്യതയായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് തുല്യമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിലാണ് ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിനായി ടി തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്തത്. |
| (ഇ) | സംസ്ഥാനത്ത് എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇല്ലെന്ന അഭിപ്രായം പൊതുവിദ്യാഭ്യാസ വകുപ്പിന് ഉണ്ടോ ; എങ്കിൽ 2012 ന് ശേഷം ടി തസ്തികയുടെ ജനറൽ വിഭാഗത്തിലേക്ക് പി.എസ്.സി. വിജ്ഞാപനം നടത്താത്ത നിലയ്ക്ക് എങ്ങനെയാണ് പ്രസ്തുത നിഗമനത്തിൽ എത്തിച്ചേർന്നതെന്നും വിശദമാക്കുമോ? | (ഇ) | ഉണ്ട്. രാജ്യത്തെ ഒരു അംഗീകൃത സർവ്വകലാശാലകളും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നില്ല എന്ന് എസ്.സി.ഇ.ആർ.ടി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും, യു.ജി.സി. അംഗീകൃത സർവ്വകലാശാലയുടെ എം.എ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലെ ബിരുദാനന്തര ബിരുദം HSST / HSST ജൂനിയർ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തസ്തികയിൽ ആദ്യ യോഗ്യതയായി തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. തമിഴ്നാട്ടിലെ The Gandhigram Rural Institute (Deemed to be University) ഉൾപ്പെടെയുള്ള അപൂർവ്വം ചില സർവ്വകലാശാലകൾ ടി വിഷയത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ നടത്തുന്നു എന്ന് ചില ഉദ്യോഗാർത്ഥികൾ അവകാശപ്പെടുന്നുവെങ്കിലും, മേൽ സർവ്വകലാശാല നടത്തുന്നത് MA English and Communicative Studies എന്ന കോഴ്സാണ്. ടി കോഴ്സ് MA English എന്ന കോഴ്സിന് തുല്യമാണ് എന്ന് തമിഴ്നാട് സർക്കാർ തന്നെ അവരുടെ 29.11.2019 ലെ GO(Ms) 266 നമ്പർ ഉത്തരവിലെ Resolution No. 278 പ്രകാരം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈ വസ്തുതകളെല്ലാം പരിഗണിച്ചാണ് നിലവിലുള്ള ഒഴിവുകളിൽ യോഗ്യതയുള്ള മതിയായ ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് ഉചിതമായ രീതിയിൽ യോഗ്യത നിശ്ചയിച്ച് ഭേദഗതി വരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ